# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 17-12-2015 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 3654

## വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ നൽകേണ്ട നഷ്ടപരിഹാരത്തുക

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എസ്.ശർമ്മ : | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ സ്ഥാപിക്കുന്നതിനും അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി പോർട്ട് ട്രസ്റ്റിൽ നിന്നും ലഭിക്കേണ്ട നഷ്ടപരിഹാരത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ ; | (എ) | വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ നിർമ്മാണ പദ്ധതി മൂലം തൊഴിലും തൊഴിലുപകരണങ്ങളും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് പദ്ധതിയുടെ ഒന്നാം ഘട്ടം 96,19,110/- രൂപയും രണ്ടാം ഘട്ടം 1,09,20,695/- രൂപയുമാണ് നഷ്ടപരിഹാര തുകയായി നൽകേണ്ടത്. |
| (ബി) | പ്രസ്തുത ഇനത്തിൽ പോർട്ട് ട്രസ്റ്റ് ഇതുവരെ എത്ര തുക നൽകിയെന്ന് വ്യക്തമാക്കുമോ ; | (ബി) | ICTT പദ്ധതിയുടെ ഒന്നാം ഘട്ടം റെയിൽ കണക്ടിവിറ്റിയ്ക്ക് 27,42,500/- രൂപയും NH കണക്ടിവിറ്റിയ്ക്ക് 68,76,610/- രൂപയുമാണ്. |
| (സി) | ബാക്കി നഷ്ടപരിഹാരത്തുക ലഭിക്കുന്നതിന് 2011 ജൂൺ മാസം മുതൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (സി) | National Highway കണക്ടിവിറ്റിയുമായി ബന്ധപ്പെട്ട് ലഭിക്കേണ്ട തുകയായ 68,76,610/- രൂപ National Highway Authority of India യിൽ നിന്നും ഇതുവരെയും ലഭിച്ചിട്ടില്ല. പ്രസ്തുത തുക അനുവദിക്കുന്നത് സംബന്ധിച്ച് 25-03-2011, 04-04-2011, 07-05-2011, 03-07-2012 എന്നീ തീയതികളിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റ് Highway Authority of India യുമായി ബന്ധപ്പെടുകയുണ്ടായി. കൂടാതെ ടി വിഷയം സംബന്ധിച്ച് കൊച്ചിൻ പോർട്ട് ട്രസ്റ്റ് ചെയർമാൻ, റീജിയണൽ ഓഫീസറുമായും 25-06-2014 ൽ ബന്ധപ്പെടുകയുണ്ടായി. |
| (ഡി) | പ്രസ്തുത നടപടികൾ സംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ ? | (ഡി) | രേഖകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം വെബ്സൈറ്റിൽ ലഭ്യമാണ്